"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - പുനലൂർ ടിംബർ സെയിൽസ് ഡിവിഷനിലുള്ള സീനിയർ സൂപ്രണ്ട് തസ്തികയും തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷനിലുള്ള ജൂനിയർ സൂപ്രണ്ട് തസ്തികയും പരസ്പരം മാറ്റി പുന:ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.363/2024/F&WLD** **തീയതി,തിരുവനന്തപുരം, 16-08-2024**

---

പരാമർശം:- ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 25.07.2024 - ലെ KFDHQ/5213/2024-ADMIN/D3 നമ്പർ കത്ത്.

**ഉത്തരവ്**

പുനലൂർ ടിംബർ സെയിൽസ് ഡിവിഷനിലുള്ള സീനിയർ സൂപ്രണ്ട് തസ്തിക തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷനിലേയ്ക്കും, തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷനിലുള്ള ജൂനിയർ സൂപ്രണ്ട് തസ്തിക പുനലൂർ ടിംബർ സെയിൽസ് ഡിവിഷനിലേയ്ക്കും പരസ്പരം മാറ്റി പുനർവിന്യസിക്കുന്നതിനു ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശിത കത്ത് പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു. മേൽ പുനർവിന്യാസം, ജോലിഭാരം കൂടുതലുള്ള തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ സാധിക്കുമെന്നും, ഭരണപരമായ കാര്യങ്ങളിൽ വളരെ ഗുണകരമാകുമെന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. നിലവിൽ പുനലൂർ ടിംബർ സെയിൽസ് ഡിവിഷനിലുള്ള സീനിയർ സൂപ്രണ്ട് തസ്തികയും തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷനിലുള്ള ജൂനിയർ സൂപ്രണ്ട് തസ്തികയും പരസ്പരം മാറ്റി പുന:ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സീത എസ് ലക്ഷ്മി**

**അണ്ടർ സെക്രട്ടറി**

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഭരണം), തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ) കേരള,തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Noushad S

Date: 19-08-2024 10:15:09

സെക്ഷൻ ഓഫീസർ